# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1751 04/12/2015-ൽ മറുപടിയ്ക്ക്

### ആര്യങ്കോട് പഞ്ചായത്തിലെ ഖാദി ഉല്പാദക സംഘത്തിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻനായർ<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | 2015-16 ലെ വനിതാഘടക പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, ആര്യങ്കോട് പഞ്ചായത്തിൽ നിലവിൽ ഇല്ലാത്ത ഒരു ഖാദി സംഘത്തിന് 80 ലക്ഷം രൂപ നൽകിയതായുള്ള ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ :എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും | 2015-16 ലെ വനിതാ ഘടകപദ്ധതി പ്രകാരം ഖാദി സംഘത്തിന് തുക അനുവദിച്ച് നൽകിയിട്ടില്ല.<br><br>04.07.15 ലെ 387/15-16/ഡി.പി.സി/ഡി.പി.ഒ/റ്റി.വി.പി.എം നമ്പർ ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആര്യങ്കോട് പഞ്ചായത്തിലെ മണ്ണാംകോണം ഖാദി യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി പുതിയ കെട്ടിട നിർമ്മാണം ജില്ലാ പഞ്ചായത്ത് 555-ാം നമ്പർ പ്രോജക്ടായി 80,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഖാദി കോംപ്ലക്സ് നിർമ്മാണം എന്ന പേരിൽ 28,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പുതുതായി നിർമ്മിച്ച് നൽകുന്ന കെട്ടിടത്തിൽ നെയ്ത്ത്, നൂൽനൂൽപ്പ്, നൂൽ ഡൈയിംഗ് എന്നീ ജോലികളിൽ 25 വനിതകൾക്ക് തൊഴിൽ നൽകുന്നതിന് നൂൽപ്പ് കേന്ദ്രം 6.75 ലക്ഷം രൂപ, നെയ്ത്ത് 11.25 ലക്ഷം രൂപ, നൂൽ ഡൈയിംഗ് 10,00,000/- എന്നിങ്ങനെ തുക വിനിയോഗിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഖാദി യൂണിറ്റ് കെട്ടിടം നിർമ്മിക്കാൻ |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം വനിതാ സംഘങ്ങൾക്ക് എത്ര തുക വീതം അനുവദിക്കുകയുണ്ടായി : പണം അനുവദിക്കപ്പെട്ട ഏതെല്ലാം സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ :: | | |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്ന സ്ഥലം കീഴൂർ വില്ലേജിൽ ചെമ്പൂർ ആലുംകുഴി കിഴക്കുംകര റോഡരികത്ത് പുത്തൻവീട്ടിൽ (മണ്ണാംകോണം പി.ഒ-695 125) ശ്രീമതി.രാജമ്മ ദാനാധാര പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറി നൽകിയിട്ടുള്ളതാണ്. ടി രണ്ട് പ്രോജക്ട് തുകകൾ ഒന്നും തന്നെ നാളിതുവരെ ചെലവഴിച്ചിട്ടില്ല.<br><br>2014-15, 2015-16 വർഷങ്ങളിലായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കതിരുവിള, പാങ്ങപ്പാറ ഖാദി യൂണിറ്റുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് സഹായം നൽകിയിട്ടുണ്ട്. |
| (സി) | ആര്യങ്കോട് പഞ്ചായത്തിൽ ഒരു ഖാദി ഉല്പാദക സംഘം പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആരുടെ ശുപാർശയെ തുടർന്നാണ് ജില്ലാ പഞ്ചായത്ത് പ്രസ്തുത പദ്ധതിക്കായി പണം അനുവദിച്ചത് ; | (സി) യും (ഡി) യും | ആര്യങ്കോട് പഞ്ചായത്തിൽ ഖാദി ഉല്പാദകസംഘം നിലവിൽ പ്രവർത്തിക്കുന്നില്ല. പുതുതായി മണ്ണാംകോണം കേന്ദ്രമാക്കി ഒരു തൊഴിൽ കേന്ദ്രം സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തും ഡി.പി.സി.യുമാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത സംഘത്തിന്റെ പേരിൽ പണം തട്ടിയെടുത്തവർക്കും അതിന് ഉത്തരവാദികളായവർക്കുമെതിരെ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ